**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3220** **07-10-2025 - ൽ മറുപടിയ്ക്ക്**

**പാപ്പിനിശ്ശേരിയിൽ നിർമ്മിക്കുന്ന ഇൻഡോർ സ്റ്റേഡിയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.വി.സുമേഷ്** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | കായിക വകുപ്പിന്റെ കീഴിൽ അഴീക്കോട് മണ്ഡലത്തിലെ പാപ്പിനിശ്ശേരിയിൽ നിർമ്മിക്കുന്ന ഇൻഡോർ സ്റ്റേഡിയം പ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ; | (എ) | കണ്ണൂർ ജില്ലയിലെ ഇരുത്തി ഇൻഡോർ സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിനായി 4.89 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. 4.68 കോടി രൂപയ്ക്ക് സ്പോർട്സ് കേരള ഫൗണ്ടേഷൻ സാങ്കേതികാനുമതി നൽകുകയും പ്രവൃത്തിക്ക് 24.03.2023ൽ ടെണ്ടർ ക്ഷണിക്കുകയും ചെയ്തു. എന്നാൽ ആദ്യ ടെണ്ടറിൽ കരാറുകാരെ ലഭിക്കാത്തതിനാൽ പ്രവൃത്തിക്ക് 12.04.2023 ൽ റീ ടെണ്ടർ ക്ഷണിക്കുകയും, M/s Ervin Builders Pvt Ltd കണ്ണൂർ എന്ന സ്ഥാപനവുമായി 3.72 കോടി രൂപയ്ക്ക് കരാറിലേർപ്പെടുകയും ചെയ്തിട്ടുണ്ട്. |
| (ബി) | എന്തൊക്കെ പദ്ധതികളാണ് ഇൻഡോർ സ്റ്റേഡിയത്തിന്റെ ഭാഗമായി നടപ്പാക്കുന്നത്; വിശദമാക്കാമോ; | (ബി) | പ്രസ്തുത ഇൻഡോർ സ്റ്റേഡിയത്തിൽ പ്രധാനമായും 4 ബാഡ്മിൻറൺ കോർട്ടുകൾ, ഒരു ബാസ്കറ്റ് ബോൾ കോർട്ട്, കൂടാതെ ടോയ്ലറ്റ് ബ്ലോക്ക്, കോമ്പൗണ്ട് വാൾ, റെയിൻ വാട്ടർ ഹാർവെസ്റ്റിംഗ് ടാങ്ക്, ലാന്റ്സ്കേപ്പിംഗ് പ്രവൃത്തികൾ, ഇലക്ട്രിക്കൽ പ്രവൃത്തികൾ എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. നിലവിൽ 55% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പ്രവൃത്തി വേഗത്തിൽ പൂർത്തിയാക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; വിശദമാക്കാമോ? | (സി) | പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കുന്നതിന് നിലവിൽ തടസ്സങ്ങളൊന്നും തന്നെയില്ല. |

സെക്ഷൻ ഓഫീസർ